# അമ്പിളിവട്ടം

പ്രതിഫലനമാണ്...പ്രതീക്ഷയാണ്

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

2019-2020

ആർ ശങ്കർ മെമ്മോറിയൽ ഹൈ സ്കൂൾ

പഴങ്ങാലം

# എഡിറ്റോറിയൽ

അമ്പിളിവട്ടം ഒരു പ്രതിഫലനമാണ് .സൂര്യ പ്രകാശത്തിൽ നിന്നും സ്വയമേവ തിളക്കം കണ്ടെത്തുന്ന അമ്പിളിയെപോലെ സമൂഹത്തിന്റെ നല്ലതുകളെ പ്രതിഫലിപ്പിക്കാൻ ഓരോ കുട്ടിക്കും കഴിയുമെന്ന പ്രതീക്ഷയിലാണ് അമ്പിളിവട്ടം ജന്മംകൊള്ളുന്നത് . കാലം മാറുമ്പോൾ ഒപ്പം ,ഏറ്റവും ചടുലതയിൽ മാറാൻ കഴിവുള്ളവരാണ് കുട്ടികൾ. കടലാസുതുണ്ടുകളിൽ അക്ഷരങ്ങൾ അടുക്കി നിർമിച്ച ക്ലാസ് പതിപ്പുകളിൽ നിന്നും ഡിജിറ്റൽ യുഗത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി 'എന്റെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ ' എന്ന തലത്തിലേക്ക് കാര്യങ്ങൾ എത്തി നിൽക്കുമ്പോൾ അതിൽ പ്രതിഫലിച്ചിട്ടുള്ളത് ഓരോ കുട്ടിയുടെയും മനസിന്റെ നന്മകളും തിരിച്ചറിവുകളുമാണ്.



വിദ്യാർഥികളുടെ സാഹിത്യപരമായ അഭിരുചികളുടെ വളർച്ചക്ക് ഉതകും വിധമുള്ള ഇത്തരം പ്രവർത്തനങ്ങളിൽ കൂടിയാണ് ഒരു വിദ്യാലയത്തിന്റെ ആത്മാവ് കുടിയിരിക്കുന്നത് ആ തിരിച്ചറിവിൽ നിന്നും ഉണ്ടായതാണ് ഈ സാഹിത്യസൃഷ്ടി.

പഴങ്ങാലം ആർ ശങ്കർ മെമ്മോറിയൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് തയ്യാറാക്കിയ 2019-2020അധ്യയന വർഷത്തെ സ്കൂൾ ഡിജിറ്റൽ മാഗസിൻ '*അമ്പിളിവട്ടം*' സഹൃദയങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു .

എന്ന് ,

സബ് എഡിറ്റർ
സംഗീത ജി വി

എഡിറ്റർ
വർഷ എസ് ആർ

# ആശംസകൾ



**ഡോ.എൻ വിനോദ് ലാൽ**
**മാനേജർ**

വഴങ്ങാലം ആർ ശങ്കർ മെമ്മോറിയൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ രൂപപ്പെടുത്തുന്നതായി അറിയാൻ കഴിഞ്ഞു .കുട്ടികളുടെ സാഹിത്യപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ വളരെയേറെ സ്ലാഘനീയമാണ്.ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന വിദ്യാർഥികൾക്കും ഒപ്പം അവരെ കരുതലോടെ മുന്നോട്ട് നയിക്കുന്ന അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു .

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് തയ്യാറാക്കിയ'അമ്പിളിവട്ടം' ഡിജിറ്റൽ മാഗസിൻ വായനക്കാർക്ക് ഒരു പുതിയ അനുഭവം ആകട്ടെ എന്ന് ആശംസിക്കുന്നു.



## ആശംസ

സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ താല്പര്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് പദ്ധതിയിലൂടെ കേരള സർക്കാർ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക രംഗത്തെ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനത്തിലൂടെ ഓരോ ലിറ്റിൽ കൈറ്റ്സ് അംഗവും സ്വായത്തമാക്കിയ നൈപുണികൾ എഴുതി പ്രദർശിപ്പിക്കാനുള്ള വേദി ആകട്ടെ മാഗസിൻ എന്നാശംസിക്കുന്നു..

സുനിൽ ജി എസ്

ഹെഡ്മാസ്റ്റർ

ആർ ശങ്കർ മെമ്മോറിയൽ ഹൈസ്കൂൾ

# അക്ഷര വെളിച്ചം പകർന്ന വിദ്യാലയം

അക്ഷര വെളിച്ചമാം വിദ്യാലയം
വിജയകിരീടമണിഞ്ഞു വിദ്യാലയം
പച്ചപരവതാനി വിരിച്ചിട്ട വൃക്ഷ ലതാദികളിൽ
എന്റെ വിദ്യാലയം

വർണ ശോഭയാം പുഷ്പങ്ങൾ
ചുറ്റിലും കാഴ്ചയാം  പക്ഷികൾ
എൻ മനസ്സിനെ കുളിരേകാൻ കൂട്ടുകാർ
അക്ഷരവെളിച്ചം പകർന്നുതരാൻ അധ്യാപകർ

ആകാശം മുട്ടെ ഉയരുന്ന
പ്രകശം ചൊരിയുന്ന എന്റെ വിദ്യാലയം
എന്റെ അടിത്തറ നാടിന്റെ സൂര്യതേജസാം ശങ്കർസ്കൂൾ

പവിത്ര പി ആർ

# പുഞ്ചിരി

മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്ന ഒരു പ്രധാന കഴിവാണ് പുഞ്ചിരി. ആ കഴിവാകുന്ന ആയുധത്തെ ഉപയോഗിക്കുന്നതിൽ ഓരോരുത്തരും വ്യത്യസ്തരാണ് മനുഷ്യർക്കിടയിലെ അകലം കുറയ്ക്കുന്നതിനും പിണക്കം മാറ്റുന്നതിനും ഉപയോഗിക്കാൻ കഴിയുന്ന ഒരു ആയുധം കൂടിയാണ് പുഞ്ചിരി. പുഞ്ചിരി ഒരുതരത്തിൽ ഒരു ഭാഷയാണ് .ഏത് ദേശക്കാരനോടും ഏത് വേഷക്കാരനോടും അനാനായസം സംസാരിക്കാൻ കഴിയുന്ന കഴിയുന്ന ഭാഷ നമ്മുടെ ചുണ്ടുകൾ കൊണ്ട് മറ്റൊരാൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും മനോഹരമായ ഉപഹാരമാണ് നമ്മുടെ പുഞ്ചിരി.. എപ്പോഴും പുഞ്ചിരിക്കൻ തയ്യാറാവുന്നവർ എപ്പോഴും ദേഷ്യപ്പെടുന്നവരെക്കാൾ ശക്തരാണ്..സമൂഹത്തിൽ നമ്മെ ഒറ്റപ്പെടുത്തിയവർക്കും കളിയാക്കിയവർക്കും, കൂട്ടത്തിൽ കൂടി പരിഹസിച്ചവർക്കും തിരികെ നൽകാൻ ദൈവം തന്ന അനുഗ്രഹമാണ് പുഞ്ചിരി..ഏതൊരു വ്യക്തിയും ജീവിച്ചിരിക്കുന്ന മറ്റൊരു വ്യക്തിയ്ക്ക് നൽകാവുന്ന വിലയേറിയ സമ്മാനമാണ് പുഞ്ചിരി.

സോജ എസ്

# മനസ്സിൽ പതിച്ച രത്നം

രഘുവും ധനപാലനും അയൽക്കാർ ആയിരുന്നു .സഹപാഠികളായ ഇരുവരും മൂന്നാം ക്ലാസിൽ പഠിക്കുകയായിരുന്നു. രഘു ഒരു ദരിദ്ര കുടുംബത്തിലാണ് ജനിച്ചത്. അവന്റെ അച്ഛനമ്മമാർ കൂലിപ്പണിക്കാർ ആയിരുന്നു. ജോലി ചെയ്തു കിട്ടുന്നതുകൊണ്ട് രഘുവിനെയും അവനു താഴെയുള്ള രണ്ടു പെൺമക്കളെയും പുലർത്താൻ അവർ വളരെ കഷ്ടപ്പെട്ടു .വീട്ടിലുള്ളത് എന്തെങ്കിലും രാവിലെ കഴിച്ചിട്ടാണ് രഘു സ്കൂളിൽ പോകാറുള്ളത്. വയറുനിറയെ കഴിക്കാൻ ഒന്നും ആ വീട്ടിൽ ഇല്ല .ഉച്ചയ്ക്ക് അവിടെ ഭക്ഷണം ഉണ്ടാകാറില്ല, അതിനാൽ അവൻ സ്കൂളിൽ നിന്നും ഉച്ചക്കഞ്ഞി കുടിക്കും.ധനപാലൻ ധനികരായ മാതാപിതാക്കളുടെ ഏകമകൻ ആയിരുന്നു. അവൻറെ വസ്ത്രങ്ങളും സ്വർണമാലയും മോതിരവും കണ്ടാൽ ഏക കുടുംബത്തിലെ അരുമ സന്താനമാണ് എന്ന് പറഞ്ഞറിയിക്കേണ്ടതില്ല .

സ്കൂളിൽനിന്ന് ഉച്ചക്കഞ്ഞി കുടിക്കുന്ന കുട്ടികൾ വളരെ പേരുണ്ടായിരുന്നു . അവരോട് ധനപാലന് പുച്ഛമാണ് .ഒരു ദിവസം സ്കൂളിലേക്ക് വരുന്ന വഴിക്ക് ധനപാലന്റെ ചോറ്റുപാത്രം നിലത്തു വീണ് ചോറും കറിയും റോഡിൽ ചിതറി. അന്ന് ഉച്ചഭക്ഷണത്തിന് ക്ലാസ് വിടുന്നതിനു മുൻപേ അവന് വിശപ്പ് തുടങ്ങി .രഘു അവനെ കഞ്ഞികുടിക്കാൻ വിളിച്ചിട്ടും അവൻ ചെന്നില്ല .ദുരഭിമാനം അവനെ തടഞ്ഞുനിർത്തി .അങ്ങനെ ആ വർഷത്തെ പരീക്ഷ കഴിഞ്ഞു . സ്കൂൾ അടച്ചു .മധ്യവേനലവധി കഴിഞ്ഞ് വിദ്യാലയത്തിൽ ചെന്നപ്പോൾ ധനപാലനും രഘുവും നാലാംക്ലാസ്സിൽ ആയി .അന്ന് ഉച്ചക്കഞ്ഞി കുടിക്കാൻ രഘു  ഉണ്ടായിരുന്നില്ല .അവൻ പൊതിച്ചോറ് കൊണ്ടുവന്നിരുന്നു. രഘുവിൻറെ അച്ഛൻ അവരുടെ വീടിനടുത്ത് ഒരു ഹോട്ടൽ തുടങ്ങി. അതോടെ അവർക്ക് കഴിയാനുള്ള  വകയും ഉണ്ടായി. കഞ്ഞികുടിക്കാൻ വകയില്ലാത്ത കുട്ടികൾക്കുണ്ടാകുന്ന   കഞ്ഞിയിൽ പങ്ക് പറ്റുന്നത്

# മനസ്സിൽ പതിച്ച രത്നം

ശരിയല്ലെന്നും അവന് തോന്നി. കഞ്ഞി കുടിച്ചു കൊണ്ടിരിക്കുന്ന കൂട്ടുകാരെ രഘു നോക്കി .ആകെയുള്ളവരിൽ കഴിഞ്ഞ വർഷത്തെ കൂട്ടുകാരാണ് കൂടുതലും . കുറച്ചുപേർ ഒന്നാം ക്ലാസിലെ പുതിയ കുട്ടികളും .അങ്ങനെ നോക്കിക്കൊണ്ടിരിക്കെ കുട്ടികളുടെ നിരയിൽ ധനപാലൻ ഇരുന്ന് കഞ്ഞി കുടിക്കുന്നു .അവൻറെ മുഖം ലജ്ജകൊണ്ട് കുനിഞ്ഞിരുന്നു. ധനപാലന്റെ പിതാവ് നടത്തിയിരുന്ന കൊപ്ര വ്യാപാരം നഷ്ടത്തിൽ ആയതാണ് അവനെ ഈ നിലയിൽ എത്തിച്ചത്. ധനപാലനും കുടുംബവും ഇപ്പോൾ ചെറിയൊരു വാടക വീട്ടിലാണ് താമസം . ഒരിക്കൽ ക്ലാസ്സിൽ വെച്ച് ശ്രീധരൻ മാസ്റ്റർ കുട്ടികളെ ഉപദേശിച്ചത് ഓർത്തു . "സമ്പന്നർ അറിഞ്ഞോ അറിയാതെയോ അഹങ്കരിച്ചാൽ അവന്റെ സമ്പത്ത് അവനെ വിട്ടു പോകും" ആ ഉപദേശം ഒരു അമൂല്യ രത്നം പോലെ രഘു മനസ്സിൽ സൂക്ഷിക്കുന്നു...

അശ്വിനി എ .പി

# NOW I KNOW

A misty day
I was on my way to my dearest hangout
Don't wonder
It's my school.
My school was my dearest and funniest hangout
I would like to share the nostalgic moment that I had
The greatest, the romantic period
Which I would like to cherish throughout my life
It's a wonder for me,
Now I know , why my parents sent me to the school

They may have their own dream
They wish to succeed in their life through me
But………………
Yes it is a big but…..
I always want to win
Do you want to know in which game?
That game is my story
Just wait and see for the live action
I know you are too anxious you can't wait any more
So I am directly get in to the climax.

If you look at me
you may feel I am collapsed
But not yet ....
Just a gap before a  new beginning.

ANJALI

# പ്രണയം ഒരു യാഥാർത്ഥ്യം

പ്രണയത്തെ കുറിച്ച് പറയുന്നത് കൊണ്ട് നാം കാമുകനോ കാമുകിയോ ആകുന്നില്ല. നമുക്ക് എല്ലാത്തിനോടും പ്രണയമാണ്.എ സി റൂമിലെ കറങ്ങുന്ന കസേരയിൽ ഇരിക്കുന്നവന് ആഡംബരങ്ങളോട് പ്രണയമാണ്..ചെറ്റക്കുടിലിൽ ഇരുണ്ട മുറിക്കുള്ളിൽ ഇരിക്കുന്നവന്റെ വയറിന് അന്നത്തിനോട് പ്രണയമാണ്. ജീവിതമാകുന്ന നൂൽപ്പാലത്തിലൂടെ നടന്ന് ജീവിതം അവസാനിക്കുന്നതുവരെ ജീവൻ തന്ന വരെയും ജീവിക്കാൻ പ്രേരിപ്പിച്ച വരെയും ആത്മാർത്ഥമായി

പ്രണയിച്ചു കൊണ്ടേ ഇരിക്കുക...

പ്രീതി പി

# സംഗീത ദ്വീപിലൂടെ

സംഗീതം അനന്തമായ ഒരു വിസ്മയമാണ് .

സംഗീതം ഒരു ജീവിതമായി കൊണ്ടു നടക്കുന്നവരെത്രയോ പേരുണ്ട്. ശരിക്കും പറഞ്ഞാൽ സംഗീതത്തിലെ രാഗങ്ങളും താളങ്ങളും എല്ലാം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഒഴുകിക്കൊണ്ടിരിക്കുകയാണ്.

വറ്റാത്ത നദിപോലെ...

ചില സംഗീതം നമ്മെ കരയിക്കും. ചിലത് നമ്മെ ചിരിപ്പിക്കും .ചിലത് നമ്മുടെ ജീവിതം തന്നെ മാറ്റി മറിക്കും.ശുദ്ധമായ സംഗീതത്തിലെ ഓരോ ഘടകത്തെയും ഓരോന്നിനോട് ഉപമിച്ചാൽ എങ്ങനെയാണ് അത് ജീവിത ഭാഗമാകുന്നത്. ഉത്തരം ഒന്നു മാത്രമേ ഉള്ളൂ .സംഗീതത്തിൽ കാണുന്ന/ജീവിതത്തിൽ കാണുന്ന നന്മ പ്രവർത്തിക്കുമ്പോഴാണ് ആ നന്മ ജീവിത ഭാഗമാകുന്നത്.ഇത്തരത്തിൽ ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആ നന്മയെ ഞാൻ ആഴത്തിൽ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നത് .അനന്തമായ സംഗീതം പോലെ ഇന്നും മനസ്സിൽ നിൽക്കുകയാണത് .എന്തോ എനിക്കറിയില്ല, അത് എങ്ങനെയാണ് എന്റെ മനസ്സിനെ ഇത്രത്തോളം വികാരഭരിതമാക്കിയത് എന്ന്.എന്താണ് സ്നേഹം, എന്താണ് മനസ്സ്,അത് എങ്ങനെ പ്രകടമാക്കാം എന്നെല്ലാം ഞാൻ പഠിച്ചത് എന്റെ പതിനഞ്ചാം വയസ്സിലാണ്.ഇതിനുമുൻപ് ഞാൻ ഒരു പ്രസംഗം കെട്ടുകൊണ്ടിരുന്നപ്പോൾ ശ്രദ്ധിച്ച വാക്യമായിരുന്നു

# സംഗീത ദ്വീപിലൂടെ

"എന്താണ് സ്നേഹം" എന്നത്.ശെരിക്കും എന്താണ് സ്നേഹം എന്ന് എനിക്കറിയില്ലായിരുന്നു.സ്നേഹത്തിന് പല വിശേഷണങ്ങളാണുള്ളത്. എന്റെ ഒരു സുഹൃത്തിനോട് ഞാൻ സ്നേഹത്തെപ്പറ്റി ചോദിച്ചപ്പോൾ അവൻ വളരെ സഹിത്യപരമായിട്ടുള്ള ഉത്തരമായിരുന്നു പറഞ്ഞത്.ഉള്ളത് പറഞ്ഞാൽ അവന്റെ അറിവിന്റെ മുന്നിൽ ഞാൻ ഒന്നുമല്ല. അവൻ എന്നെക്കാൾ അറിവിന്റെ യാത്രാ ദൂരം പിന്നിട്ടവനായിരുന്നു.ആവൻ പറഞ്ഞു സ്നേഹം നമുക്ക് ഒരാളോട് തോന്നുന്ന ആത്മാർത്ഥമായ നന്മയാണ്.ഒരുതരത്തിൽ പറഞ്ഞാൽ ചില സന്ദർഭത്തിൽ ചിലരുടെ സംസാരത്തിൽ നിന്നോ കുസൃതികളിൽ നിന്നോ, സ്വഭാവ-പെരുമാറ്റ രീതികളിൽ നിന്നോ, കുടുംബ ബന്ധങ്ങളോടുള്ള താത്പര്യത്തിൽ നിന്നോ ഒക്കെ സ്നേഹം വരാം.ഇന്ന് സ്നേഹത്തിന് പല വിശേഷണങ്ങളുണ്ട്.പ്രേമമായും,അടുപ്പമായും, ആകർഷണമായും, സ്നേഹം മാറുന്ന സ്നേഹിക്കുന്നവർ പിരിയുന്ന വേദന യും സ്നേഹമുള്ളവർ മരിക്കുന്ന വേദനയും താങ്ങാൻ പ്രയാസമാണ്. ശരീരത്തിൽ എൽക്കുന്ന മുറിവിനെ സുഖപ്പെടുത്തുന്നതിനേക്കാൾ ദീർഘമാണ് മനസ്സിലുണ്ടാകുന്ന മുറിവിന്റെ ആഴം. എന്റെ മാനസികാവസ്ഥയാണ് ഈ അനുഭവത്തിലൂടെ ഞാൻ വ്യക്തമാക്കുന്നത് .സ്നേഹിക്കാൻ ആരെങ്കിലും ഉണ്ടാകണം, അപ്പോഴാണ് സ്നേഹത്തിൻറെ വില അറിയുന്നത് എന്ന് ഞാൻ മനസ്സിലാക്കിയത് ഈ

# സംഗീത ദ്വീപിലൂടെ

പ്രായത്തിലാണ് . സ്നേഹിക്കുന്ന സമയത്ത് കണ്ണിൽ നിന്നുതിർന്ന കണ്ണുനീർ തുള്ളികൾ  വീടിന്റെ ഏകാന്ത  വീഥികളിലും പള്ളിയുടെ പായയിലും ഉതിർന്നു വീണു കിടപ്പുണ്ട്..പത്താംക്ലാസ് ഇനിയൊരു ഓർമ മാത്രം..ഈ കാലഘട്ടമേ ഓർമ്മ..കുറെ വർഷങ്ങൾക്കു ശേഷം ഞാനെന്റെ ഹൈസ്കൂളിലേക്ക് വരുന്നത് സ്വപ്നം കണ്ടുറങ്ങുകയാണ്. സുന്ദരമായ സ്വപ്നം . അനേകം ഓർമ്മകളുടെ മനോഹരമായ തിരകൾ അലയടിക്കുന്ന സമുദ്രത്തിന്റെ നടുക്ക് ഓർമ്മകളുടെ ഒരു ദ്വീപ് .സംഗീത ദ്വീപ്.. ആ ദ്വീപിലൂടെ ഞാനെന്റെ    പതിനഞ്ചാം വയസ്സ് കണ്ടു. അനുഭവങ്ങളുടെ പ്രായം. സുന്ദരമായ പ്രായം .കളിച്ച മൈതാനം ...., കളിചിരികൾ പറഞ്ഞ വരാന്ത.... ,വായനയിലൂടെ അറിവുകൾ കണ്ടെത്തിയ ലൈബ്രറി...., ഞാൻ  സ്നേഹിച്ചിരുന്ന  അധ്യാപകർ........ .എല്ലാം മനസ്സിന്റെ ഊണമായി അലയടിച്ചു കൊണ്ടിരുന്നു. അന്ന് ഞാൻ എന്റെ ടീച്ചറിനോട് ചോദിച്ചു ,ഒന്നുകൂടി ഈ സ്കൂളിൽ  പഠിക്കാൻ കഴിയുമോ എന്ന്.... ടീച്ചറിന്റെ മറുപടിയിൽ നിന്നും എനിക്ക് മനസിലായി... പഠിക്കാൻ പറ്റും.. ഓർമ്മകളുടെ പഴയ അനുഭവങ്ങൾ പറഞ്ഞ സംഗീത ദ്വീപിൽ മാത്രം.... ഏകാന്തമായ്....

**മനീഷ മനോഹരൻ**

# വിരൽത്തുമ്പിലെ വിസ്മയങ്ങൾ

ഇൻസ്റ്റാഗ്രാമിൽ നിന്ന് ഫേസ്ബുക്കിലേക്ക് ,അവിടെനിന്ന് വാട്സാപ്പിന്റെ സ്വകാര്യതയിലേക്ക് ,വിരൽത്തുമ്പിൽ ഒളിഞ്ഞിരിക്കുന്ന ആശയങ്ങളെയും സ്നേഹപ്രകടനങ്ങളെയും ഒരുനിമിഷം ഒഴിവാക്കി ശാസ്ത്രത്തിന്റെ മികച്ച കണ്ടുപിടുത്തങ്ങളിൽ ഒന്നായ ഇന്റർനെറ്റിന്റെയും അതിന്റെ പിൻപറ്റി വന്ന നവമാധ്യമങ്ങൾ എന്ന ഓമനപ്പേരിൽ നാം വിളിക്കുന്ന സാമൂഹികമാധ്യമങ്ങളെയും പറ്റി ഗൗരവത്തോടെ ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു .

എവിടെയാണ് നമുക്ക് പിഴക്കുന്നത് .ബൈജൂസ് ആപ്പും വീഡിയോ ട്യൂട്ടോറികളുമൊക്കെയായി കുട്ടികളായവർ ഈ മേഖലയുടെ ഗുണങ്ങൾ അനുഭവിക്കുന്നിടത്തുനിന്നും ദിനപത്രങ്ങളുടെ ഏതോ മൂലയിൽ ഒരു കോളം വാർത്തയായി ഒതുങ്ങുന്ന ആത്മഹത്യകളിലേക്ക് അവരെ തള്ളിവിടുന്ന മായാജാലം എന്താണ് ?ചിന്തിച്ചിട്ടുണ്ടോ?അടുക്കളപ്പുറങ്ങളിൽ അമ്മയോട് രഹസ്യങ്ങൾ പങ്കുവെക്കുന്ന ബാല്യങ്ങൾ ,അച്ഛന്റെ തുറിച്ചുനോട്ടത്തിൽ പതറിപ്പോയിരുന്ന സ്കൂളിലെ ചേകവന്മാർ , തലമുറയുടെ നഷ്ടങ്ങളായി ഈ കൂട്ടർ മാറിയപ്പോൾ സ്വകാര്യതയിലേക്ക് അവരെ എടുത്തെറിഞ്ഞ സമൂഹവും ഓരോ ആത്മഹത്യക്കും കാരണക്കാരനാകുന്നു. അടച്ചിട്ട നാലുചുവരുകൾക്കുള്ളിൽ ഞാൻ സുരക്ഷിതയാണെന്നുള്ള മിഥ്യാബോധം എത്തും ആർക്കും എഴുതിപിടിപ്പിക്കുവാൻ കഴിയുന്ന ഡിജിറ്റൽ കടലാസിലേക്ക് പകർത്തുമ്പോൾ ലോകത്തിന്റെ ഏതുകോണിൽ നിന്നും ഇതൊക്കെ നിരീക്ഷിക്കാനും അവയിൽ മാറ്റം വരുത്തുവാനും ,എഴുത്തുകാരന്റെയോ ഫോട്ടോഗ്രാഫറിന്റെയോ അനുമതി ഇല്ലാതെ എവിടെയും അത് പ്രസിദ്ധീകരിക്കാനും കുറച്ചു കംപ്യൂട്ടർ പ്രോഗ്രാമുകൾ മാത്രം മതി എന്ന് അവരെ ആരാണ് പറഞ്ഞു മനസിലാക്കേണ്ടത് .കുടുംബകാര്യങ്ങൾ ചർച്ച ചെയ്യാൻ വാട്സാപ്പ് ഗ്രൂപ്പുകൾ, നാട്ടിലെ വിശേഷങ്ങൾ പങ്കുവയ്ക്കാൻ ഫേസ്ബുക് പേജുകൾ ,മണിക്കൂറുകൾ ഇടവിട്ട് വിവരങ്ങൾ പങ്കുവെക്കുന്ന ഇൻസ്റ്റാഗ്രാം അക്കൗണ്ടുകൾ ,സൗഹൃദവും സഹായവും ഒക്കെ ഈ ലോകത്തേക്ക് ചുരുങ്ങുന്നു .'ശാസ്ത്രമാണ് -കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല' ,'ഉപയോഗിക്കാതെ തരമില്ല ' ശരിയാണ് , പക്ഷെ പച്ചക്കറികടയിൽ നിന്ന് വാങ്ങുന്ന തക്കാളികളിൽ ഒന്ന് അഴുകാൻ തുടങ്ങിയതായി ശ്രദ്ധയിൽപെട്ടാൽ മാറ്റിവാങ്ങാൻ തിരക്കുകൂട്ടുന്നവർ എപ്പോഴാണ് ഇന്റർനെറ്റിന്റെ ഗുണദോഷങ്ങളെപ്പറ്റി മക്കളോട് സംസാരിക്കുന്നത് ?വിദ്യാർത്ഥികളോട് സംവദിക്കുന്നത് ?ഭ്രമിപ്പിക്കുന്നതിനോട് എന്നാണ് നമ്മുടെ കുട്ടികൾക്ക് മാറിനിൽക്കാൻ പറയാൻ സാധിക്കുന്നത് ? ചതിക്കുഴികൾ മുന്നിൽ കാണാൻ കഴിയുന്ന ജി പി എസ് എന്നാണ് നമ്മൾ അവരിൽ ഇൻസ്റ്റാൾ ചെയ്യുന്നത് ?സമയം അതിക്രമിച്ചിരിക്കുന്നു ,വിദ്യാഭ്യാസ പ്രക്രിയ കൊണ്ട് ഇത്രയും നേടാൻ അവർക്ക് സാധിക്കുന്നില്ലെങ്കിൽ ഡിജിറ്റൽ ചുഴിയിലേക്ക് മുങ്ങിപ്പോകുന്ന അല്പായുസുകളായി അവർ മാറുന്ന കാഴ്ചകൾ വിദൂരമല്ല .

അവിടെയാണ് അമ്പിളിവട്ടം പ്രതീക്ഷ നൽകുന്നത് .നല്ലതിനെ കൈനീട്ടി സ്വീകരിക്കാനും മോശമാണെന്നു കണ്ടാൽ തിരസ്കരിക്കാനും കഴിയുന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെ ആശയങ്ങളും സ്വപ്നങ്ങളും നിറയുന്ന ഈ ഡിജിറ്റൽ മാഗസിൻ നാളെയുടെ പ്രതീക്ഷയാണ് ഇന്നിന്റെ പ്രതിഫലനമാണ് .

അതുൽ മുരളി
എച്ച് എസ് ടി ഇംഗ്ലീഷ്
ആർ എസ് എം എച്ച് എസ്

# inspiration

വിജയത്തിലൂടെ കൈ വരുന്നതല്ല ശക്തി, നിങ്ങളുടെ പ്രശ്നങ്ങളാണ് നിങ്ങളുടെ ശക്തിയെ രൂപീകരിക്കുന്നത്. ജീവിതത്തിലെ ഏറ്റവും വിഷമകരമായ ഘട്ടങ്ങളിൽ സ്വയം അടിയറവു പറയില്ലെന്ന് നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി

**മഹാത്മാഗാന്ധി**

"ഉണരുക.....എഴുന്നേൽക്കുക....
ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കുക".

**സ്വാമി വിവേകാനന്ദൻ**

"സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യം
എങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ"

**എബ്രഹാം ലിങ്കൺ**

# ഓർമ്മക്കുറിപ്പുകൾ

ഒട്ടുവിലീ പടിയിറങ്ങുമ്പോൾ എന്തോ
ഒരു തുള്ളി കണ്ണുനീർ ബാക്കിയായി.
ഓർമ്മയിൽ ഓരോ വിരൽ തൊട്ടുണർത്തുന്ന
സ്നേഹ കലാലയം മാത്രമായി.
ഓർമ്മയിലോരോ വിരൽ തൊട്ടുണർത്തുന്നു
സങ്കട കാറ്റിൻ തേങ്ങലോടെ,
ചിതലരിച്ചെത്തുന്ന ചിന്തകൾക്കുള്ളിലീ
നിഴലും വെളിച്ചവും വീശിടുമ്പോൾ,
പഠനയാത്രയ്ക്കു നാം പടിയിറങ്ങീടുമ്പോൾ
ഇടറുന്നു നമ്മുടെ ഉൾചിന്തകൾ.
തിരികെയെത്തും ഞാനീ പടികടന്നൊരുനാളിൽ,
പ്രിയ കലാലയത്തിന്റെ പടിവാതിലിൽ
അന്നാസ്വദിക്കും ഞാൻ ഈ സ്വപ്ന തീരത്തിൻ
സൗവർണ്ണ സുദിനങ്ങൾ നീറ്റലോടെ.....

ആതിര ഡി

# എന്റെ കവിത

എന്നിൽ ഞാൻ അറിയാതെ
സംഗീതത്തിൽ വിരിയുന്നപൂക്കളാണ് എന്റെ കവിത
സപ്തസ്വരങ്ങൾ തീർത്ത
സംഗീതത്തിൽ വിരിഞ്ഞ പൂക്കളാണ് എന്റെ കവിത
സംഗീതം എന്ന മഹാ വൃക്ഷത്തിൽ നിന്നും
അടർന്നു  വീഴുന്ന ഇലകൾ ആണ് എന്റെ കവിത
പൊട്ടിച്ചിതറിയ മാല മുത്തുകൾ പോലെ
ചിതറിക്കിടക്കുകയാണ്എന്നിലെ കവിത
പഞ്ഞിക്കെട്ടുകൾ പോലെ ഒഴുകുന്ന മേഘങ്ങൾക്കിടയിൽ
ഒഴുകി കിടക്കുകയാണ് എന്നിലെ കവിത
എന്നിലെ കവിതതൻ നറു മുത്തുകൾ കോർത്തിണക്കി
കവിതയാം കടലാകും ഞാൻ




ഐശ്വര്യ എ എസ്

# പിരിയവയ്യെൻ ആത്മ വിദ്യാലയമേ


ഓർമ്മതൻ കുമ്പിളിൽ കോരിയിട്ടൊരെൻ അക്ഷര മുറ്റമേ..
കാലമേറിട്ടുമ്പോൾ ആവതില്ലെനിക്കെൻ
ഓർമകളെ പിരിയുവാൻ.....
പൂത്തുമ്പി പോൽ പാറി നടന്നോരെൻ
ആത്മവിദ്യാലയത്തിൽ നാളുകൾ എണ്ണുമെൻ
ആത്മ നൊമ്പരം പറഞ്ഞറിയിക്ക വയ്യതല്ലോ
നിത്യവുമെൻ അമ്മയെ കാണ്മതിനൊപ്പമെൻ അകതാരിൽ
തെളിഞ്ഞിട്ടുമീ വിദ്യാലയത്തിൻ ഛായാചിത്രം
അച്ഛന്റെ കൈ പിടിച്ചൊരീ പൂമുറ്റത്ത് ഞാൻ
സുഗന്ധം പരത്തും പൂ പോൽ
വാക്കുകൾ പറഞ്ഞും തെറ്റുകൾ തിരുത്തിയും
എൻ ജ്ഞാനത്തിനും മാർഗ ദർശിയായി മുന്നിൽ
നിൽക്കയെൻ  ദൈവതുല്യർ..

ആരോമൽ വി യു

# വരകളിലൂടെ..



ആദർശ്
8 എ



വിഷ്ണു
9 എ

## വരകളിലൂടെ..



വിനായകൻ ആർ
10എ



ശിവ ജി
8 ബി



വിജയ് വിനോദ് എ
10 എ

# ഓർമകളുടെ മർമരം

ഋതുഭേദങ്ങളുടെ ആവർത്തനം പോലെയാണ് മനുഷ്യ ജീവിതം. ജനനമരണങ്ങൾ ക്കിടയിൽ ജീവിതവുമായി മല്ലിടുകയാണ് അവയെല്ലാം ഓരോ ഋതുവിനും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. കൊഴിഞ്ഞു വീഴുന്ന ഓരോ ഇലയിലും ഓരോ ഓർമ്മകൾ ബാക്കിയാണ്. അതുപോലെതന്നെ കൊഴിഞ്ഞു നീങ്ങുന്ന ഓരോ ദിവസവും ഓരോ ഓർമ്മകളാണ്. ഓരോ കുട്ടിക്കും ഓരോ ഓർമ്മകൾ പറയാൻ കാണും.ഓർമ്മകളുടെ വരാന്തയിൽ ഒന്നുകൂടി ചെല്ലണം. ഒഴിഞ്ഞുകിടക്കുന്ന ബെഞ്ചിൽ ഒറ്റയ്ക്കിരിക്കണം. ഓർമ്മകൾക്ക് മരണമില്ലാത്ത കാലം വരെയും ചിലർ നമുക്ക് സ്വന്തം. കടൽത്തീരവും തിരമാലയും പോലെ അടുക്കുകയും അകലുകയും ചെയ്യുന്ന ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും കലഹിക്കുന്ന ഒരിക്കലും പിരിയാത്ത സുഹൃത്തുക്കൾ.... കർമ്മബന്ധം കൊണ്ട് രക്തബന്ധത്തിനൊപ്പം എത്തുന്ന ചില സൗഹൃദങ്ങൾ.. ഓർമകളുടെ കൈപിടിച്ച് നീങ്ങാൻ തയ്യാറെടുത്തു കൊണ്ട് തുടങ്ങിയ പ്രണയം.. പിരിയുന്ന സമയത്ത് എന്തുപറയണമെന്നറിയാതെ മിഴിനീർ വാർത്തവർ.. കാലങ്ങൾ എത്ര മറഞ്ഞാലും ആ ഓർമ്മകൾ ഒന്നും മനസ്സിൽ നിന്നും മായില്ല .... മറക്കില്ല ഓടിട്ട ക്ലാസ് മുറികളും അതിൽ കൂടി ചിന്നി ചിതറി വീഴുന്ന മഴത്തുള്ളികളും, കൂട്ടുകാരുമായി ചേർന്നുള്ള കലപില ബഹളവും..

സ്കൂൾ ജീവിതം ഒക്കെ കഴിഞ്ഞ് അതിന്റെ ഓർമ്മകളിലേക്ക് പോകുമ്പോൾ അന്ന് കരഞ്ഞ നിമിഷങ്ങൾ ഓർത്തു ചിരിക്കുകയും ചിരിച്ച കളിച്ച നിമിഷങ്ങൾ ഓർത്ത് കരയുകയും ചെയ്യുന്നവരാണ് പലരും... അത്രമേൽ ഹൃദയത്തിൽ ആഴ്ന്നിറങ്ങിയ വേരുകളാണ് സ്കൂൾ ജീവിതം. എന്തെങ്കിലുമൊക്കെ ബാക്കി വെച്ചിട്ട് നോവിന്റെ കടൽ തീർത്തുകൊണ്ട് മാത്രമേ എല്ലാവർക്കും അവിടെ നിന്നും പടിയിറങ്ങുക വാൻ കഴിയുകയുള്ളൂ..

പടിയിറങ്ങി തിരിഞ്ഞുനോക്കുമ്പോൾ ഓരോ കുട്ടിയുടെയും മനസ്സ് നിശബ്ദമായി പറയും... ഒരിക്കൽ കൂടി പോകണം ഓർമ്മകൾ പലതും ഒളിഞ്ഞു കിടന്ന കിടക്കുന്ന ആ പഴയ ക്ലാസ് മുറികളിലേക്ക് ... ഈ നിമിഷം മുതൽ സ്വന്തമെന്നു പറയാൻ ഓർമ്മകൾ മാത്രം.. ഒരുകാലത്ത് പോകാൻ മടിച്ച സ്ഥലങ്ങൾ ഇനിമുതൽ പോകാൻ കൊതിക്കുന്ന ഓർമ്മകൾ മാത്രമായി ....

എനിക്ക് തിരിച്ച പോകണം
എന്റെ സ്കൂൾ കാലത്തേക്ക് ...
എന്റെ ക്ലാസ് മുറിയിലേക്ക്....
ഞാൻ ഇരുന്ന ബെഞ്ചിലേക്ക്....

രശ്മി ആർ

# തേന്നൂറും മുത്തശ്ശിമാവ്

ഒരിടത്ത് ഒരു മുത്തശ്ശിമാവ് ഉണ്ടായിരുന്നു. അതിൽ നിറയെ മാമ്പഴം ഉണ്ടായിരുന്നു . ആ ഗ്രാമത്തിലെ കുട്ടികളുടെ പ്രിയപ്പെട്ട മാവ് ആയിരുന്നു അത് . ആ മാവ് മനുഷ്യന് മാത്രമല്ല ആശ്രയം ആകുന്നത് ,മറ്റു ജന്തുജാലങ്ങൾക്കും, പക്ഷികൾക്കും എല്ലാം ആശ്രയമായിരുന്നു. ആ മാവിന്റെ തണലിൽ ഇരുന്നായിരുന്നു കുട്ടികൾ കളിക്കുന്നത്. ആ മുത്തശ്ശി മാവിനെ എല്ലാവർക്കും ഏറെ ഇഷ്ടമായിരുന്നു. ചില ദിവസങ്ങളിൽ പഠിക്കാൻ പോകുന്നില്ലെങ്കിലോ അവധി ആണെങ്കിലോ കുട്ടികളുടെ സ്വർഗ്ഗം ആ മുത്തശ്ശിമാവായിരുന്നു.ആടിയും പാടിയും അവർ സന്തോഷിക്കുമായിരുന്നു .

ഒരു ദിവസം അപ്പു രാവിലെ എഴുന്നേറ്റ് (അന്ന് സ്കൂളിൽ അവധിയായിരുന്നു.) അമ്മയോട് പറഞ്ഞു, "അമ്മേ ഇന്ന് പഠിക്കാൻ പോകണ്ടല്ലോ ഞാൻ കൂട്ടുകാരുമൊത്തു കളിക്കാൻ മുത്തശ്ശി മാവിൻ അടുത്ത് പോകുവാ" അവൻ ഒരുങ്ങി കൂട്ടുകാരൻ സനുവിന്റെ വീട്ടിലെത്തി. അവർ രണ്ടുപേരും കൂടി മുത്തശ്ശി മാവിന്റെ അടുത്തെത്തി. അങ്ങനെ കളിച്ചുകൊണ്ട് നിന്നപ്പോഴാണ് അവർ ഒരു കാര്യം ഓർത്തത്, നാളെ മുത്തശ്ശി മാവിൻറെ പിറന്നാളാണ് നമുക്കിത് നല്ലതുപോലെ ആഘോഷിക്കണം, അപ്പു പറഞ്ഞു. അതുകേട്ട് കൂട്ടുകാരൻ സമ്മതിച്ചു.അങ്ങനെ അവർ മുത്തശ്ശി മാവിനെ അലങ്കരിച്ചു. മാവ് നിറയെ തോരണങ്ങൾ കൊണ്ട് നിറഞ്ഞു .ആടിയും പാടിയും അവർ ആഘോഷിച്ചു. അപ്പോഴേക്കും നേരം വല്ലാതെ ഇരുട്ടിയിരുന്നു അപ്പു പറഞ്ഞു, 'നേരം വൈകി അമ്മയെന്നെ തിരക്കും.. കണ്ടില്ലെങ്കിൽ വിഷമിക്കും അതുകൊണ്ട് ഞാൻ പോകുവാ'.. അപ്പോൾ എല്ലാവരും പറഞ്ഞു, എങ്കിൽ ഞങ്ങളും പോകുവാ. അങ്ങനെ എല്ലാവരും പോയി. പക്ഷികളും ജന്തുജാലങ്ങളും അവരവരുടെ കൂട്ടിൽ കയറി. മുത്തശ്ശിമാവ് വാകെ മൂകതയായി. പിറ്റേദിവസം അപ്പുവും കൂട്ടുകാരും വന്നു നോക്കിയപ്പോൾ മഹാത്ഭുതം. മുത്തശ്ശി മാവ് നിറയെ നല്ല പഴുത്ത മധുരമൂറുന്ന മാമ്പഴങ്ങൾ അണ്ണാറക്കണ്ണനും പക്ഷികളും എല്ലാം മാമ്പഴം കഴിക്കുന്നു. "ഹായ് നല്ല തേന്നൂറും മാമ്പഴം" അപ്പു പറഞ്ഞു. അവർ മുത്തശ്ശി മാവിന്റെ അടുത്തേക്ക് ഓടിയെത്തി. മാമ്പഴം കഴിച്ച് അവർ തൃപ്തിയായി. അടുത്ത ദിവസം രാവിലെ ഒരു ബഹളം കേട്ടാണ് ഉണർന്നത് . അവൻ ജനാലകളിലൂടെ നോക്കി.ആതെന്താ,മുത്തശ്ശി മാവിന്റെ അടുത്ത് ഒരു ആൾക്കൂട്ടം? എന്തായാലും അതൊന്നറിഞ്ഞിട്ട് തന്നെ കാര്യം.അങ്ങനെ അത് എന്തെന്ന് അറിയാനായി അപ്പു മുത്തശ്ശിമാവിനടുത്തേക്ക് പോയി.അപ്പോഴാണ് അവൻ ഭയാനകമായ, വിഷമമുള്ള കാഴ്ച കണ്ടത്...കഴിഞ്ഞ ദിവസത്തെ ഭയങ്കരമായ മഴയ്ക്കും കാറ്റിനും ഇടയിൽ മുത്തശ്ശിമാവ് കടപുഴകി വീണു.പക്ഷികളും,ജന്തുജാലങ്ങളും എല്ലാം വിഷമിച്ച് നിന്നു.അപ്പുവിനും കൂട്ടുകാർക്കും ആ വിഷമം താങ്ങാനായില്ല.അവർ പൊട്ടിക്കരഞ്ഞു.ഇന്നലെവരെ പക്ഷികൾക്കും ജന്തുക്കൾക്കും കുട്ടികൾക്കും ഒക്കെ താങ്ങായും തണലായും സന്തോഷമായി നിന്ന മധുരം ഏറുന്ന മാമ്പഴം നിറഞ്ഞ മുത്തശ്ശിമാവ് ഇന്നിതാ കടപുഴകി വീണ പ്രദേശമാകെ മൂകതയായി.കുറെ ദിവസങ്ങൾ കഴിഞ്ഞ് അപ്പുവും കൂട്ടുകാരും ചേർന്ന് ഒരു മൂവാണ്ടൻ മാവിൻ തൈ വച്ചു പിടിപ്പിച്ചു.ആ തൈ വളർന്നു.കുറെ നാളിന് ശേഷം അതിൽ മാമ്പഴങ്ങൾ ഉണ്ടായി.അപ്പുവിനും കൂട്ടുകാർക്കും സന്തോഷമായി. അങ്ങനെ ആ മാവ് അവരുടെ പഴയ മുത്തശ്ശി മാവുപോലെ ആയി.ഗ്രാമം ആകെ സന്തോഷം കൊണ്ട് പൂ വണിഞ്ഞു. വീണ്ടും ആ ഗ്രാമവാസികൾ സന്തോഷത്തിൽ ആറാടി.

നന്ദന പി എസ്

# ഭൂമി എന്ന അമ്മ

നാം വസിക്കുന്ന ഭൂമി നമ്മുടെ അമ്മയാണ്. ഇവിടെ ജനിക്കുന്ന ഓരോ കുഞ്ഞിനും ആവശ്യമായതൊക്കെ ഈ അമ്മ ഇവിടെ ഒരുക്കിവെച്ചിരിക്കുന്നു. അങ്ങനെയുള്ള ഈ അമ്മയെ ഹൃദയം തുറന്ന് സ്നേഹിക്കുക എന്നതാവണം നമ്മുടെ ധർമ്മം. എന്നാൽ മനുഷ്യൻ അവൻറെ ആർത്തി മൂലം ആ അമ്മയെ ചൂഷണം ചെയ്യുന്നു, നശിപ്പിക്കുന്നു. ഇതിന്റെ അനന്തരഫലമാണ് പരിസ്ഥിതിനാശം. ഈ മണ്ണും ജലസമ്പത്തും വന സമ്പത്തും എല്ലാം ഈശ്വരന്റെ വരദാനങ്ങളാണ് . എന്നാൽ ഇവ ദുരുപയോഗം ചെയ്യുക വഴി സ്വന്തം വാളാൽ സ്വയം വെട്ടി നശിക്കുകയാണ് ചെയ്യുന്നത്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്.

പ്രകൃതിക്ക് ഏറ്റവും വലിയ ഭീഷണിയായി ഇരിക്കുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക്  എവിടെയും പ്ലാസ്റ്റിക്.. വീടുകളിലും കടകളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കേണ്ടതാണ്. ആഗോളതാപനം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ്. ഇതിനെ ചെറുക്കാൻ നമുക്ക് പൊതു സ്ഥലങ്ങളിലും വീട്ടുവളപ്പിലും മരങ്ങൾ വെച്ച് പിടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഭൂമിയുടെ പച്ചപ്പ് സംരക്ഷിക്കേണ്ടത് എല്ലാവരുടെയും കടമയാണ് പരിസ്ഥിതിയുടെ ജീവ നാഡികളാണ് പുഴകൾ. ഈ പുഴകളിൽ നിന്നും അമിതമായുള്ള മണലെടുപ്പിനെതിരെ പ്രതിരോധനിര തീർക്കണം. ഭാവി തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണ് ഇവിടുത്തെ പ്രകൃതിവിഭവങ്ങൾ എന്ന തിരിച്ചറിവ് എല്ലാവരിലും ഉണ്ടാകണം."ഒരു തലമുറയ്ക്ക് ജീവിയ്ക്കാനുള്ളതെല്ലാം  ഈ ഭൂമിയിൽ ഉണ്ട് എന്നും എന്നാൽ സത്യാർത്ഥി ഉള്ളത് ഇല്ല" എന്നും നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

അജിൻ രവി

# നിഴൽ

ഞാൻ പോകും വഴിയേ
എൻകൂടെ കൂട്ടായി നീയെ...

ആരെന്നു ചൊല്ലുക നീ...
ആരാധനയുമായി എൻ കൂടെ..

എന്നിലെ ഇരുളും നീയോ..
എന്നിലെ ഏകാന്തതയും നീയോ..

ഏകനല്ല ഞാൻ ഇവിടെ..
തണലായി താങ്ങി എൻ നിഴലേ.....

അപർണ രാജേഷ്

# തെയ്യം ഐതിഹ്യകഥകൾ-

## പ്രിജിൽ പീറ്റയിലിന്റെ വരികളിലൂടെ....

വടക്കൻ കേരളത്തിലെ ഒരു അനുഷ്ഠാന കലയാണ് തെയ്യം. തെയ്യം എന്ന നാടൻ പദത്തിന്റെ അർത്ഥം ദൈവം എന്നാണ്. കേരളത്തിലെ ശാക്തേയ പാരമ്പര്യത്തിന്റെ വടക്കൻ അനുഷ്ഠാന പെരുമയാണ് തെയ്യം. ഈശ്വരൻ മനുഷ്യ ശരീരത്തിൽ പ്രവേശിച്ച് ഭക്തജനങ്ങളുമായി ആശയവിനിമയത്തിൽ ഏർപ്പെടുന്നു എന്നതാണ് തെയ്യത്തിന്റെ പ്രത്യേകത. യഥാവിധി വ്രതനിഷ്ഠകൾ എടുത്ത് ശരീരവും മനസ്സും ശുദ്ധമാക്കുകയും ആടയാഭരണങ്ങൾ കൊണ്ട് മാനുഷ പാവം വിടുകയും ചെയ്തതിനുശേഷമാണ് കോലധാരിയിലേക്ക് ആമാനുഷ ചൈതന്യം പ്രവേശിക്കുന്നത്. വാഹകന്റെ ശുദ്ധിയും വ്രതനിഷ്ഠയും ചൈതന്യവുമാണ് മൂർത്തിയുടെ ആ വാഹനത്തിന് കൂട്ടുപിടിക്കുന്നത് . ഇതനുസരിച്ചായിരിക്കും മൂർത്തിയുടെ സാന്നിധ്യവും, പ്രവചനവും, ഫലവും. ഇപ്പോൾ വടക്കൻ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലായി നാന്നൂറോളം തെയ്യക്കോലങ്ങൾ കെട്ടിയാടിക്കുന്നുണ്ട് എന്നാണ് വിശ്വാസം .

വർഷാവർഷം കാവുകളിൽ കെട്ടിയാടുന്ന തെയ്യാട്ടത്തെ 'കളിയാട്ടം' എന്നും ധാരാളം വർഷങ്ങൾക്കുശേഷം നടത്തപ്പെടുന്ന തെയ്യം കെട്ടിയാട്ടത്തെ 'പെരുങ്കളിയാട്ടം' എന്നും പറയുന്നു. തെയ്യങ്ങളിൽ രൗദ്ര മൂർത്തികളും സൗമ്യ മൂർത്തികളും ഉണ്ട് .രൗദ്ര മൂർത്തികൾക്ക് പൊതുവെ വ്രതശുദ്ധി കൂടുതൽ ആണ് വേണ്ടത്. അതുപോലെതന്നെ അഗ്നി പ്രവേശനം ചെയ്യുന്ന ചില തെയ്യക്കോലങ്ങൾ ഉണ്ട്. ഉച്ചിട്ട ഭഗവതി ,പൊട്ടൻ ദൈവം, കണ്ടനാർ ,കേളൻ, കോരച്ചൻ, ചാമുണ്ഡി തുടങ്ങിയ തെയ്യങ്ങൾ അഗ്നികൈ ഏൽക്കുന്ന കോലങ്ങൾ ആണ് .ഇത്തരം കോലങ്ങൾക്കും വ്രതം കൂടുതൽ ആണ് വേണ്ടത്. സമൂഹത്തിന്റെ ദുരിതങ്ങൾ അകറ്റി ഗുണം വരണേ എന്ന് അനുഗ്രഹം ചൊരിയുന്ന തെയ്യക്കോലങ്ങൾ വടക്കൻ പെരുമയുടെ മാത്രം പ്രത്യേകതയാണ്.

രേവതി ആർ

# ലോക അധ്യാപകദിനം




അക്ഷരലോകത്തേയ്ക്ക് കൈപിടിച്ചുയർത്തിയ ഗുരുക്കന്മാർക്കായി ഒരു ദിനം. സെപ്റ്റംബർ5 ദേശീയ അധ്യാപക ദിനം. അറിവിന്റെ പാതയിൽ വെളിച്ചവുമായി നടന്ന എല്ലാ അധ്യാപകരെയും ഈ ദിനത്തിൽ ഓർക്കാം.അധ്യാപകനും ഇന്ത്യയുടെ രാഷ്ട്രപതിയും ലോകോത്തര തത്വ ചിന്തകനുമായിരുന്ന ഡോ.സർവ്വേപ്പിള്ളി രാധാകൃഷ്ണൻറെ പിറന്നാൾ ദിനമാണ് അധ്യാപക ദിനമായി ആചരിക്കുന്നത്.

നമ്മുടെ രാജ്യത്ത് പാശ്ചാത്യവത്കരണവും പാശ്ചാത്യ സാംസ്കാരിക അധിനിവേശവും നമ്മുടെ സാംസ്കാരിക തനിമയെ കാർന്നു തിന്നുകയാണ്. അച്ഛനും മക്കളും ഭാര്യയും ഭർത്താവും അയൽക്കാരും സമൂഹവും ഒക്കെ തമ്മിലുള്ള ബന്ധം പണ്ടത്തെക്കാൾ മോശമായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഈ അവസ്ഥയിലും അധ്യാപകർക്ക് സമൂഹത്തിൽ ഉണ്ടായിരുന്ന സ്ഥാനം അത്രമേൽ കോട്ടം തട്ടാതെ നിലനിൽക്കുന്നുണ്ട്. അധ്യാപകരുടെ വിശുദ്ധമായ ജീവിതവൃത്തിയുടെ ബാക്കി പത്രം അധ്യാപന കാലത്ത് അവരിൽ നിക്ഷേപിക്കുന്ന സ്നേഹാദരങ്ങളാണ്. അധ്യാപകരുടെയും അധ്യാപകൻ എന്ന നിലയിൽ അറിയപ്പെടുന്നയാളാണ് ഡോ.എസ്.രാധാകൃഷ്ണൻ.

വിദ്യാഭ്യാസമേഖലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്താണ് അദ്ദേഹത്തിന്റെ ജന്മദിനം അധ്യാപകദിനമായി ആചരിച്ചു തുടങ്ങിയത്.പണ്ഡിതനും തത്വജ്ഞാനിയും ഭാരത രത്ന ജേതാവുമായ അദ്ദേഹം ഇന്ത്യയുടെ ആദ്യ വൈസ് പ്രസിഡന്റും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രണ്ടാമത്തെ പ്രസിഡന്റുമായിരുന്നു. ക്ലാസ് മുറികളിൽ കുട്ടികൾക്കായി ജീവിതം മാറ്റിവച്ച ഓരോ അധ്യാപകനെയും അധ്യാപികയെയും വിദ്യാർത്ഥികൾ ഈ ദിനത്തിൽ ഓർക്കുന്നു.

**അഭിനവ് എസ്**

# അമ്പിളിവട്ടം

## ആദ്യ വനിതകൾ

**ആദ്യ വനിതാ പ്രസിഡൻറ്**
**പ്രതിഭാ പാട്ടീൽ**

**ആദ്യ വനിതാ പ്രധാനമന്ത്രി**
**ഇന്ദിരാഗാന്ധി**

**ആദ്യ വനിതാ ഗവർണർ**
**സരോജിനി നായിഡു**

**ആദ്യ വനിതാ മേയർ**
**താരാ ചെറിയാൻ**

**ആദ്യ വനിതാ ലജിസ്ലേറ്റർ**
**മുത്തു ലക്ഷ്മി റെഡ്ഡി**

**ആദ്യ വനിത മജിസ്ട്രേറ്റ്**
**ഓമന കുഞ്ഞമ്മ**

**ആദ്യ വനിത മുഖ്യമന്ത്രി**
**സുചേത കൃപലാനി**

**ആദ്യ വനിത അംബാസിഡർ**
**വിജയലക്ഷ്മി പണ്ഡിറ്റ്**

**ആദ്യ വനിതാ മന്ത്രി**
**വിജയലക്ഷ്മി പണ്ഡിറ്റ്**

**ആദ്യ വനിത ഡെപ്യൂട്ടി സ്പീക്കർ**
**സുശീല നെയ്യാർ**

# സ്വപ്നത്തിന്റെ ഇടനാഴിയിൽ

"മോനെ എണീക്കടാ, ഇന്നല്ലേ സ്കൂളിൽ പോകേണ്ടത് "...സ്വപനത്തിന്റെ ഏകാന്തതയിൽ നിന്ന് മനസ് ഞെട്ടിയുണർന്നു . ഇന്നാണ് ആ ദിവസം കണ്ണ് തുറന്നപ്പോൾ മനസിലേക്കോടിയെത്തിയത് പുതിയ ബാഗും പുസ്തകങ്ങളും യൂണിഫോമുമൊക്കെ ആണ്.കുറെ ദിവസമായി അതൊക്കെ അലമാരയിൽ തന്നെ ഇരിക്കുന്നു .എടുക്കാൻ അമ്മ സമ്മതിക്കില്ല .പുസ്തകങ്ങളിലെ മണവും അതിലെ ചിത്രങ്ങളും അമ്മ കാണാതെ ഇടക്കൊക്കെ തുറന്നു നോക്കാറുണ്ട്. ഇന്നും ഞാൻ ഓർക്കുന്നു ,ജൂണിലെ ആ മഴയുള്ള ദിവസം ഒരുപാട്ടു വൈകിയാണ് ഞാനും അമ്മയും സ്കൂളിൽ എത്തിയത് .അമ്മയുടെ കൈ വിരലിൽ തൂങ്ങി ഞാൻ വിശാലമായ മൈതാനവും കടന്നു ദൂരെയുള്ള കെട്ടിടത്തിലേക്ക് നടക്കുമ്പോൾ ചാറ്റൽ മഴ പെയ്യുന്നുണ്ടായിരുന്നു. ഇന്ന് പത്താം ക്ലാസ്സുകാരനായി ഈ മൈതാനത്തിൽ നിൽക്കുമ്പോൾ മൈതാനം വളരെ ചെറുതായിരിക്കുന്നു, അല്ല ഞാൻ വലുതായി എന്നതാണ് സത്യം .സ്കൂളിലെ ഇടനാഴിയിലൂടെ 'അമ്മ എന്നെ എടുത്തു നടന്നു.... ഒരു ക്ലാസ്സ് മുറിയിലെ വാതിക്കൽ വന്നു .ക്ലാസ് മുറിയിലെ ബെഞ്ചിൽ എന്നെ ഇരുത്തി 'അമ്മ പോകാൻ തുടങ്ങുന്നു . ക്ലാസിലെ ജനലഴികളിലൂടെ എന്നെ തനിച്ചാക്കി അകലുന്ന അമ്മയെ കണ്ടപ്പോൾ "മിസ്സിങ് " എന്ന ഫീലിംഗ് ആദ്യമായി അറിഞ്ഞപ്പോൾ എന്റെ കണ്ണുനീർ തുടച്ചു എന്റെ കവിളിൽ അമർത്തി ഉമ്മ വെച്ച ഹെലൻ ടീച്ചർ.... വർഷങ്ങൾക്കിപ്പുറം രാവിലെ 'അമ്മ വിളിക്കുമ്പോൾ ഉറക്കമുണരുന്നത് സ്വപ്നത്തിന്റെ ഇടനാഴിയിൽ മഴയത്തു കയറി വന്ന ദിവസവും ഒടുവിൽ കാർമേഘങ്ങൾക്കിടയിലൂടെ കയറി പോയ കൂട്ടുകാരും ടീച്ചർമാരും ഒരായിരം ഓർമകൾ തന്ന സ്കൂളുമാണ്...

ശ്രീജിത്ത് എസ്

# വായനയുടെ ലോകത്തെ കൂട്ടുകാർ

വീടിന്റെ  മുന്നിലെ വളവിലേക്ക് കണ്ണുംനട്ട് കുറെ നേരമായി നിൽക്കുന്നു .
അശോകേട്ടനെ കാണുന്നില്ലല്ലോ..!
ഇന്നെന്താ താമസിക്കുന്നത്?
അമ്മ വീടിനുള്ളിൽ നിന്ന് വിളിക്കുന്നുണ്ട്  .
"നീ ഇങ്ങു കയറി പോര് കൊച്ചെ ...അവൻ
വരുമ്പോ വിളിക്കും" .
എന്നാലും സൈക്കിൾ ബെല്ലിന്റെ ശബ് ദത്തോടെ
  വേഗത്തിൽ  വളവു തിരിഞ്ഞു വരുന്ന അശോകേട്ടനെ
കാണാൻ തന്നെ ഒരു രസമാ..
മായാവിയും, ശിക്കാരി ശംഭുവും , ജമ്പനും....
അവരുടെ സംഭവ കഥകൾ
അശോകേട്ടനാണ് കൊണ്ടുവരുന്നത് .
വീട്ടിൽ ഞാനും അമ്മയും മാത്രമാ.
പിന്നെ ചുവരുകൾക്കുള്ളിൽ  ആകെ കൂ
ട്ടായിട്ടുള്ളത് ആഴ്ചകളിൽ
അശോകേട്ടൻ കൊണ്ട് വരാറുള്ള കഥ പുസ്തകങ്ങളാണ്. മനുഷ്യരുടെ സ്ഥാനം മൃഗങ്ങൾക്കു കിട്ടിയാൽ എന്തായിരിക്കും എന്ന ഭാവന ആർക്കാണാവോ തോന്നിയത്..??? എന്തായാലും അന്നത്തെ എന്റെ ലോകത്തു അവരൊക്കെ ആയിരുന്നു എന്റെ കൂട്ടുകാർ . കാലിയായും സൂത്രനും കപീഷുമൊക്കെ മൊട്ടിട്ട  ഓർമകളുടെ വസന്തത്തിൽ ഇപ്പോഴും നിറഞ്ഞു നിൽക്കുന്നു. കാലത്തിനോടൊപ്പം അവരും എവിടെയൊക്കെയോ പോയി മറഞ്ഞു .വായനയിലൂടെ സൃഷ്ടിച്ച ചുറ്റപാടുകളും , കഥാപാത്രങ്ങളും മനസിന്റെ വികാസത്തിന് അടിസ്ഥാനമിട്ട അവരെ നമുക്ക് നന്ദിയോടെ ഓർക്കേണ്ടതുണ്ട് .  വർഷങ്ങൾക്കു
 ശേഷം  ബെല്ലിന്റെ ശബ്ദം കേൾക്കുമ്പോൾ
 വളവു തിരിഞ്ഞു വരുന്ന അശോകേട്ടനെ
ഓർത്തുപോകുന്നു ...

**അഭിരാം എസ്**

# എന്റെ ബാല്യം

തിരികെവാരത്തൊരു കാലം
തിരിച്ചറിവില്ലാത്തൊരു കാലം
ഒരുപാട് സ്വപ്നത്തിൻ കാലം
ഒരു നൂറു പുഷ്പങ്ങൾ വിരിയിച്ച
ബാധ്യതകളില്ലാത്ത കാലം
നിറമുള്ള ബാല്യത്തിൻ കാലം
കടലാസുകൊണ്ടുള്ള കളി വള്ളമുണ്ടാക്കി
വെള്ളത്തിൽ കളിയ്ക്കുന്ന കാലം
നഷ്ടബോധത്തിന്റെ കാലം
തിരികെ വരാത്തൊരു കാലം
തിരിച്ചറിവില്ലാത്തൊരു കാലം
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ചെമ്പകമണമുള്ള ഇടവഴികളിലൂടെ
ബാല്യകാലത്തിൽ സുകൃതവീഥി

അജിത് കെ കെ

# ഓണാഘോഷം








# പത്രത്താളുകളിലൂടെ



കേരള കൗമുദി

പഴങ്ങാലം ആർ. ശങ്കർ മെമ്മോറിയൽ ഹൈസ്കൂളിൽ ഗാന്ധിസ്മൃതി ഉദ്ഘാടനം



ഒഡീസിയ എന്റെ കൗമുദി

നല്ലില പഴങ്ങാലം ആർ.എസ്.എം.എച്ച്.എസിൽ



പഴങ്ങാലം സ്കൂളിൽ ദേശാഭിമാനി അക്ഷരമുറ്റം പത്രം

# ചിതറി തെറിച്ച ബാല്യകാല സ്മരണകളിലേക്ക് ഒരു എത്തിനോട്ടം....




## പൂർവ്വവിദ്യാർത്ഥി സംഘടന
## 'ഓലപ്പീപ്പി'

# കലോത്സവ സ്മരണിക




കലയുടെ മാമാങ്കത്തിൽ വിജയകിരീടം ചൂടിയ
ചുണകുട്ടികൾക്ക് അഭിനന്ദനങ്ങൾ...
കാസർഗോഡ് നടന്ന അറുപതാമത്
സംസ്ഥാനതല സ്കൂൾ കലോത്സവത്തിൽ
പങ്കെടുത്ത നാലിനങ്ങളിലും
എ ഗ്രേഡ് കരസ്ഥമാക്കിയ
പഴഞ്ഞാലം RSMHS ലെ
വിദ്യാർത്ഥിനികൾക്ക്
അഭിനന്ദനങ്ങൾ
മാനേജ്മെന്റ് & സ്റ്റാഫ്
ആർ.ശങ്കർ മെമ്മോറിയൽ ഹൈസ്കൂൾ, പഴഞ്ഞാലം



# നന്ദി

അക്ഷരവെളിച്ചം പകർന്ന വിദ്യാലയത്തിന് ...

ആത്മവിദ്യാലയത്തിലെ കാറ്റിലും വെളിച്ചത്തിലുംഒപ്പം കൂടിയ കൂട്ടുകാർക്ക് ....
ഡിജിറ്റൽ യുഗത്തിലും അക്ഷരത്തിന്റെ മൂല്യം പകരാൻ കൂടെയുള്ള അധ്യാപകർക്ക് ....
ഇതൊരു വിപ്ലവമാണ് ,കീബോർഡിൽ വിരിയുന്ന വിപ്ലവമെന്നോ വസന്തമെന്നോ പേരിടാം, അമ്പിളിവട്ടം ഉദിച്ചുതന്നെ നിൽക്കും , പകലിന്റെ പ്രകാശത്തിൽ നിറം മങ്ങിയാലും സാഹചരനായി ഒപ്പമുണ്ടാകും ഈ അമ്പിളിവട്ടവും ഇതിന്റെ പ്രകാശവും നിലാവിന്റെ തെളിവെളിച്ചത്തിൽ നിന്നും പ്രതീക്ഷയുടെ ഈ പൊൻതിരിനാളം ഒരു പ്രതിഭാസമായി ഇവിടെ സമ്പൂർണമാകുന്നു.

റീബ ബാബു
സ്കൂൾ ലീഡർ